83 (585) വികേന്ദ്രീകരിച്ച് നൽകേണ്ട അധികാരങ്ങൾ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടു നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾക്ക് ഓരോ വകുപ്പുകളും പഞ്ചായത്ത് രാജ് നിയമത്തിൻ കീഴിൽ വികേന്ദ്രീകരിച്ച് നൽകേണ്ട അധികാരങ്ങളും പദ്ധതികളും ഏതെല്ലാമാണ്;

(ബി) ഇതിൽ ഓരോ വകുപ്പും ഇതു പോലെ വികേന്ദ്രീകരിച്ച് നൽകിയ അധികാരങ്ങൾ ഏതെല്ലാം;

(സി) ഏതെങ്കിലും വകുപ്പ് അധികാര വികേന്ദ്രീകരണം മുഴുവനായി നടത്തിയിട്ടില്ലായെന്ന് സർക്കാരിന് അറിവ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകൾ;

(ഡി) ഇനി വികേന്ദ്രീകരിച്ച് നൽകാനുള്ള അധികാരങ്ങൾ ഏതെല്ലാം; ഇവ എന്തുകൊണ്ട് ഇതുവരെ നൽകിയിട്ടില്ലായെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി) ത്രിതല പഞ്ചായത്തുകൾക്ക് നൽകപ്പെട്ടിട്ടുള്ള അധികാരങ്ങളും ചുമതലകളും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 3-ഉം 4-ഉം 5-ഉം പട്ടികകളിൽ (1999-ലെ ഭേദഗതി ചെയ്യപ്പെട്ട പ്രകാരമുള്ളവ) വ്യക്തമാക്കിയിട്ടുണ്ട്.

(സി) അധികാരവികേന്ദ്രീകരണം നടപ്പാക്കാൻ ബാദ്ധ്യസ്ഥമായിരുന്നിട്ടും അത് നടപ്പാക്കാതിരിക്കുന്ന വകുപ്പുകളൊന്നുമില്ല.

(ഡി) 1999-ലെ നിയമ ഭേദഗതികളുടെ അടിസ്ഥാനത്തിൽ, ജില്ലാ ആശുപത്രികളുടെ നിയന്ത്രണം, ജില്ലാതല മൃഗാശുപത്രികളുടെ നടത്തിപ്പ്, സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളുടെ നടത്തിപ്പ്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പ് തുടങ്ങി ചുരുക്കം ചില ചുമതലകൾകൂടി ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ താമസിയാതെ നടപടി സ്വീകരിക്കുന്നതാണ്.

84 (586) കെട്ടിട നിർമ്മാണ ചട്ടങ്ങൾ

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ എന്തെങ്കിലും ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) അനധികൃത കെട്ടിട നിർമ്മാണം നിയന്ത്രിക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയാണ്; അനധികൃതകെട്ടിട നിർമ്മാണത്തിന്റെ വിവരം ശേഖരിക്കുവാനുള്ള ഇന്നത്തെ സംവിധാനം എന്താണ്;

(സി) കെട്ടിട വാടക നിയന്ത്രണവും കെട്ടിട നിർമ്മാണ ചട്ടവും ഏതെല്ലാം പഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ട്; ഇതിന്റെ മാനദണ്ഡം എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly